**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1136** **06-02-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യസംസ്കരണവും വിപണനവും ആദായകരമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,**<br>**ശ്രീ. യു.എ.ലത്തീഫ്,**<br>**ശ്രീ എൻ എ നെല്ലിക്കുന്ന് ,**<br>**ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപയോഗത്തിനാവശ്യമായ മത്സ്യം തദ്ദേശീയമായി ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപഭോഗത്തിനാവശ്യമായ മത്സ്യം പൂർണ്ണതോതിൽ തദ്ദേശീയമായി ലഭിക്കുന്നില്ല. സംസ്ഥാനത്തിന്റെ പ്രതിവർഷ മത്സ്യ ഉപഭോഗം 8.17965 ലക്ഷം മെട്രിക് ടൺ ആകുന്നു. 2021-22 വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ മത്സ്യ ഉല്പാദനം 8.26230 ലക്ഷം മെട്രിക് ടണ്ണും മത്സ്യം കയറ്റുമതി 1.8243 ലക്ഷം മെട്രിക് ടണ്ണും ആണ്. ആയതിനാൽ ആകെ ആഭ്യന്തര ഉപഭോഗത്തിന് തദ്ദേശീയമായി ലഭിക്കുന്നത് 6.438 ലക്ഷം മെട്രിക് ടൺ മത്സ്യം ആണ്. അതായത് 1.74165 ലക്ഷം മെട്രിക് ടൺ മത്സ്യം മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വരവിനെ ആശ്രയിച്ചാണ്. ഈ കുറവ് ഒരു പരിധിവരെ മത്സ്യകൃഷിയിലൂടെ പരിഹരിക്കുന്നതിന് ലക്ഷ്യമിടുന്നു. |
| (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിൽ പങ്കാളികളാക്കാനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | മത്സ്യബന്ധനവും സംസ്കരണവും വിപണനവും ഉൾപ്പെടെയുള്ളവ ആദായകരമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | തീരദേശ ലേലം വഴി മത്സ്യസഹകരണ സംഘങ്ങൾ ശേഖരിക്കുന്ന മത്സ്യം മത്സ്യഫെഡ് നേരിട്ട് മത്സ്യസംഭരണ കേന്ദ്രങ്ങളിൽ സംഭരിച്ച് അവ ഫിഷ് മാർട്ടുകൾ വഴി വിപണനം ചെയ്തു വരുന്നു. കൊച്ചിയിലെ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ മത്സ്യം സംഭരിക്കുകയും, അവ ശീതീകരിച്ച് കയറ്റുമതി ചെയ്യുകയും ചെയ്തു വരുന്നു. പ്ലാന്റിൽ വിവിധതരം |

| | | | |
|---|---|---|---|
| | | | അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്‌ലറ്റ്, പീര എന്നീ ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നു.<br><br>കൂടാതെ മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ് എന്ന പേരിൽ റെഡി ടു ഈറ്റ് & റെഡി ടു കുക്ക് വിഭവങ്ങളായ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ട് തരം ഫിഷ് കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നിവ ഫിഷ് മാർട്ടുകൾ വഴി വിപണനം ചെയ്തു വരുന്നു. കൊല്ലം ജില്ലയിൽ ശക്തികുളങ്ങരയിൽ കോമൺ പ്രി പ്രോസസിംഗ് സെന്ററും മത്സ്യ സംഭരണകേന്ദ്രമായി പ്രവർത്തിക്കുന്നു.<br><br>സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി ആധുനിക രീതിയിലുള്ള എയർകണ്ടീഷൻ സംവിധാനത്തോടുകൂടി 57 ഫിഷ് മാർട്ടുകളും, സഹകരണ സംഘം/ബാങ്കുമായി സഹകരിച്ച് 57 ഫ്രാഞ്ചൈസി മാർട്ടുകളും, 15 അന്തിപച്ച മൊബൈൽ മാർട്ടുകളും പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും ഫിഷ് മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ഓൺലൈൻ മത്സ്യവിപണനം മറ്റ് ജില്ലകളിലെ ഉപഭോക്താക്കൾക്കും എത്തിക്കുന്നതിനായി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ